## പതിനാലാം കേരള നിയമസഭ
## 4-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.75 | 27.02.2017-ൽ മറുപടിയ്ക്ക്

### പരിസ്ഥിതി സംരക്ഷണം

ചോദ്യം
ശ്രീ.പി. ഉണ്ണി :

മറുപടി
**ശ്രീ. പിണറായി വിജയൻ**
(മുഖ്യമന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| (എ) സംസ്ഥാനത്ത് പരിസ്ഥിതിയിലുണ്ടാകുന്ന മാറ്റം ജീവജാലങ്ങളെയും കാലാവസ്ഥയെയും പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) വായുമലിനീകരണം, ജലമലിനീകരണം എന്നിവയുടെ തോത് ക്രമാതീതമായി വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ആഘാതം കുറയ്ക്കുന്നതിനും തടയുന്നതിനുമായി എന്തെല്ലാം നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) വായുമലിനീകരണം, ജലമലിനീകരണം എന്നിവയുടെ തോത് ക്രമാതീതമായി വർദ്ധിച്ചുവരുന്നതുമായി ബന്ധപ്പെട്ട് ആധികാരിക രേഖകൾ ഒന്നും ലഭ്യമായിട്ടില്ല. എന്നിരുന്നാലും സംസ്ഥാനത്തെ ജല സ്രോതസ്സുകളുടെയും അന്തരീക്ഷ വായുവിന്റെയും ഗുണ നിലവാരം നിർണയിക്കുന്നതിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നാഷണൽ ആംബിയന്റ് വാട്ടർ/എയർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ഉൾപ്പെടുത്തി, കേരളത്തിലെ ജല സ്രോതസ്സുകളിലെ വിവിധ |

സ്ഥലങ്ങളിലെ സ്റ്റേഷനുകളിൽ നിന്നും മലിനീകരണ നിയന്ത്രണ ബോർഡ് വെള്ളത്തിന്റെ സാമ്പിളുകളും, സംസ്ഥാനത്തെ തെരഞ്ഞെടുത്ത എയർ സ്റ്റേഷനുകളിൽ നിന്ന് വായുവിന്റെ സാമ്പിളുകളും ക്രമമായി ശേഖരിച്ച് പരിശോധന നടത്തി വരുന്നു.

(സി) പരിസ്ഥിതി സംരക്ഷണത്തിനായി ആവിഷ്കരിച്ച ഹരിതകേരളം പദ്ധതിയിൽ നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കാമോ ?

(സി) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

i. ബോർഡിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ ഉപ്പാല വളപ്പ് എന്ന തോടിന്റെ മലിനീകരണം കുറയ്ക്കാനുള്ള പദ്ധതി നടപ്പിലാക്കൽ കണ്ണൂർ ജില്ലാ കളക്ടറും കണ്ണൂർ നഗരസഭയും ചേർന്ന് കൈക്കൊണ്ടു വരുന്നു.

ii. ആലപ്പുഴ ജില്ലയിലെ ചന്തിരൂർ തോടിന്റെ മലിനീകരണം തടയുന്നതിനായി ആ പ്രദേശത്ത് പ്രവർത്തിക്കുന്ന ചെമ്മീൻ സംസ്കരണശാലകളിലെ മലിനജലം ശേഖരിച്ച് സംസ്കരിക്കാനുള്ള പൊതു മലിനജല സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നത് ആലപ്പുഴ ജില്ലാ ഭരണകൂടവുമായി

ചേർന്ന് നടപടി എടുത്തു വരുന്നു.

iii. കൊല്ലം ജില്ലയിലെ കൊട്ടുമൺ തോടിനെ പുനരുദ്ധീകരിക്കാനും മാലിന്യമുക്തമാക്കാനും ലക്ഷ്യമിട്ടിട്ടുള്ള പദ്ധതി വിവിധ വകുപ്പുകളുടേയും പൊതുജന പങ്കാളിത്തത്തോടെയുമായി നടപ്പിലാക്കാൻ നടപടി എടുത്തു വരുന്നു. ഇതിനുള്ള സാങ്കേതിക സഹായം ബോർഡ് നൽകി വരുന്നു.

iv. ജില്ലാ കളക്ടറേറ്റുകളിലും ബോർഡിന്റെ മെമ്പർമാരുടേയും ഉദ്യോഗസ്ഥന്മാരുടേയും വീടുകളിലും നടത്തിയിട്ടുള്ള മാലിന്യ സംസ്കരണം, മഴ വെള്ള സംഭരണം, ജൈവ പച്ചക്കറി കൃഷി തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനം നൽകാനും അത് മാതൃകയായി കാണിക്കാനായി ' ഹരിത കേരളം പുരസ്കാരം' ഈ വർഷം മുതൽ നൽകാൻ ബോർഡ് നടപടി എടുത്തു വരുന്നു.

സെക്ഷൻ ഓഫീസർ